(ഇ) വിദേശരാജ്യങ്ങളിൽനിന്നും എത്തുന്ന വിദേശികളായ യാത്രക്കാരുടെ യാത്രാരേഖകളും മറ്റും വിശദമായ പരിശോധനയ്ക്ക് എയർപോർട്ടുകളിലെ ഇമിഗ്രേഷൻ വിഭാഗം വിധേയമാക്കാറുണ്ട്. പ്രസ്തുത യാത്രക്കാരെ സംബന്ധിച്ച് ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത യാത്രക്കാർ പ്രഖ്യാപിത കുറ്റവാളികൾ അല്ലായെന്ന് ഉറപ്പുവരുത്തിയതിനുശേഷമേ പ്രവേശനാനുമതി നൽകാറുള്ളൂ. കൂടാതെ രഹസ്യാന്വേഷണ വിഭാഗവും ലോക്കൽ പോലീസും വിദേശികളെക്കുറിച്ച് രഹസ്യാന്വേഷണം നടത്തി ഇവർ വിധ്വംസക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

പോലീസ് ഓഫീസർമാരുടെ സെക്യൂരിറ്റി ഗാർഡ് നിയമനം

166 [3133] *ശ്രീ. വർക്കല കഹാർ:*

,, *തോമസ് ഉണ്ണിയാടൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിലെ ഏത് റാങ്ക് മുതലുള്ള പോലീസ് ഓഫീസർമാർക്കാണ് സെക്യൂരിറ്റി ഗാർഡിനെ ലഭിക്കുവാൻ നിയമപരമായി അർഹതയുള്ളത്;

(ബി) ഓരോ റാങ്കിലും എത്ര പോലീസുകാരെ സെക്യൂരിറ്റി ഗാർഡുമാരായി നിയമിക്കാം എന്ന് വിശദമാക്കാമോ; ഇതുമായി ബന്ധപ്പെട്ട ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) തിരുവനന്തപുരം സിറ്റി ആംഡ് റിസർവ്വ് പോലീസിൽനിന്നും വിവിധ പോലീസ് ഓഫീസർമാരുടെ സെക്യൂരിറ്റി ഗാർഡുകളായി ഇപ്പോൾ ആകെ എത്ര പേർ ജോലി ചെയ്യുന്നുണ്ട്;

(ഡി) ഇങ്ങനെ സെക്യൂരിറ്റി ഗാർഡുമാരായി ജോലി ചെയ്യുന്ന പോലീസുകാരുടെ പേരും റാങ്കും വെളിപ്പെടുത്താമോ;

(ഇ) ഇവർ ആരുടെകൂടെയാണ് സേവനമനുഷ്ഠിക്കുന്നതെന്നും എന്നു മുതൽക്കാണ് നിയമനം ലഭിച്ചതെന്നും ഇങ്ങനെ നിയമനം നൽകിയ ഉത്തരവ് ആരുടേതാണെന്നും അതിന്റെ തീയതി സഹിതം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഡിവൈ. എസ്. പി. റാങ്ക് മുതലുള്ള പോലീസ് ഓഫീസർമാർക്കാണ് സെക്യൂരിറ്റി ഗാർഡിനെ ലഭിക്കുവാൻ നിയമപരമായി അർഹതയുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എക്സിക്യൂട്ടീവ് ഡയറക്ടീവ് 3/2002 പ്രകാരം DY.S.P. - PC- 01 SP- PCs- 02 DIG and above-PC/HC - 02 ഇതുമായി ബന്ധപ്പെട്ട ഉത്തരവിന്റെ കോപ്പി അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.†

(സി) 92 HC/PCs

(ഡി)& (ഇ) എക്സിക്യൂട്ടീവ് ഡയറക്ടീവ് 3/2002 പ്രകാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് സെക്യൂരിറ്റി ഗാർഡുമാരെ അനുവദിച്ചിട്ടുണ്ട്. അവർ ആരുടെ കൂടെയാണ് സേവനമനുഷ്ഠിക്കുന്നതെന്നും എന്നു മുതൽക്കാണ് നിയമനം ലഭിച്ച തെന്നുമുള്ള വിവരങ്ങൾ അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്.†

കുട്ടനാട്ടിൽ എണ്ണപ്പനകൃഷി നശിപ്പിച്ചവർക്കെതിരെ നടപടി

167 [3134] *ശ്രീ. തമ്പാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ കിടങ്ങറയിൽ എണ്ണപ്പനകൃഷി നശിപ്പിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സംഭവത്തിൽ ആർക്കെങ്കിലും എതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(സി) ഈ സംഭവത്തിൽ എത്ര രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്;

(ഡി) നഷ്ടം സംഭവിച്ച കർഷകർക്ക് ഇതിന് ഉത്തരവാദികളായവരിൽനിന്നും നഷ്ടപരിഹാരം ഈടാക്കി നൽകുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്ഥലം ഉടമ പരാതി നൽകാത്തതിനാൽ കേസ് എടുത്തിട്ടില്ല.

(സി) ഉദ്ദേശം 15,000 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

(ഡി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

പോത്തൻകോട് കേന്ദ്രമാക്കി പോലീസ് സ്റ്റേഷൻ

168 [3135] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ പോത്തൻകോട് കേന്ദ്രമാക്കി സ്ഥാപിക്കാനുദ്ദേശിക്കുന്ന പോലീസ് സ്റ്റേഷന് ആവശ്യമായ വകുപ്പ് തയ്യാറാക്കിയിട്ടുള്ള

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly